പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2180

05.05.2017 -ലെ മറുപടിയ്ക്ക്

## പുതിയ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ. ടി.വി.ഇബ്രാഹിം.<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പാറയ്ക്കൽ അബ്ദുല്ല. | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;<br><br>(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) &ബി) തൊഴിൽ വിപണിക്കനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. തൊഴിൽ ലഭ്യത 60% ഉറപ്പാക്കുമെന്ന മാനദണ്ഡമനുസരിച്ചാണ് KASE പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യാവസായിക പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവീസസ്. ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവേദം, മൾട്ടി മീഡിയ ആൻറ് ആനിമേഷൻ, ആർക്കിടെക്ചർ ആൻറ് ഇന്റീരിയർ ഡിസൈൻ, ഫിസിയോതെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീറിംഗ്, തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പാക്കി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാനാണ് KASE ലക്ഷ്യമിടുന്നത്. |
| (സി) ഇതിന് വേണ്ടി വരുന്ന മുടക്ക് മുതൽ എത്രയാണെന്ന്, കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ? | സി) കണക്കാക്കിയിട്ടില്ല. |

Sreedas

**സെക്ഷൻ ഓഫീസർ**